M. 208

എസ് 418/2026/എവിസിഎച്ച്

ഗവ: ആയുർവേദ കോളേജ് ആശുപത്രി
സൂപ്രണ്ടിന്റെ കാര്യാലയം,
കണ്ണൂർ, പരിയാരം
തീയ്യതി : 16-10-2026
ഫോൺ നമ്പർ: 0497 2801688
ഇ മെയിൽ: avchpariyaram@gmail.com
ദർഘാസ് നമ്പർ: 04/2025-2026

ദർഘാസ് പരസ്യം

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവടങ്ങളിലെ ലാബിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ച കൊള്ളുന്നു. "സൂപ്രണ്ട്, ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ, മെഡിക്കൽ കോളേജ് പി.ഒ. പരിയാരം" എന്ന വിലാസത്തിലാണ് ദർഘാസ് അയക്കേണ്ടത്. ദർഘാസ് കവറിനു പുറത്ത് "കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലെ ലാബിലേക്ക് 2026-27 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ദർഘാസിൽ ലാബിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങളുടെ ബ്രാൻഡ് പേരും സ്പെസിഫിക്കേഷനും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസുകൾ 27-11-2026 ന് വൈകുന്നേരം 3 മണിക്ക് മുൻപ് ഓഫീസിൽ ലഭിച്ചിരിക്കണം. വൈകികിട്ടുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് വാങ്ങിയവരുടെയോ, അവരുടെ അംഗീകൃത പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ദർഘാസുകൾ 27/11/2026-ന് വൈകുന്നേരം 3.30 ന് ദർഘാസ് തുറക്കുന്നതായിരിക്കും. ദർഘാസ് ഫോറത്തിന്റെ വില 1700/- രൂപ + 18% ജിഎസ്ടി. ടെണ്ടർ രേഖകൾ ലഭിക്കുന്നതിന് ജി.എസ്.ടി ഒടുക്കിയ രസീത് ഹാജരാക്കേണ്ടതാണ്. ഫോറം തപാലിൽ ലഭിക്കുവാൻ വിലയോടൊപ്പം 50 രൂപ അധികമായി മണി ഓർഡർ അയക്കേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ വില നിശ്ചിതവും ഒരിക്കലും തിരിച്ചു നൽകാത്തതുമാണ്. ദർഘാസ് മറ്റൊരാളുടെ പേരിലേക്ക് മാറ്റാവുന്നതല്ല. ദർഘാസ് ഫോറങ്ങളുടെ വിൽപ്പന ഈ ഓഫീസിൽ 16/11/2026 ന് രാവിലെ 10 മണി മുതൽ ആരംഭിക്കുന്നതും 25/11/2026 2026 -ന് വൈകുന്നേരം 3.00 മണിക്ക് അവസാനിക്കുന്നതുമാണ്. ചെക്ക്, പോസ്റ്റൽ ഓർഡർ, ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവ സ്വീകരിക്കുന്നതല്ല. ഫോറങ്ങൾ വി.പി.പി. ആയി അയക്കുന്നതല്ല. ഡ്യൂപ്ലിക്കേറ്റ് ഫോറങ്ങൾ ആവശ്യമുണ്ടെങ്കിൽ (850/- + 18% ജിഎസ്ടി) ലഭിക്കുന്നതാണ്. പൂരിപ്പിച്ച ദർഘാസിനോടൊപ്പം രേഖപ്പെടുത്തിയ മൊത്തം തുകയുടെ 1% നിരത ദ്രവ്യമായും ഡി.ഡി ആയി നൽകേണ്ടതും കൂടാതെ 200/- രൂപയുടെ മുദ്രക്കടലാസിൽ അപ്പൻഡിക്സ് -17 പ്രകാരമുള്ള പ്രിലിമിനറി അഗ്രിമെന്റും സമർപ്പിക്കേണ്ടതാണ്. 27/11/2026 ന് സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം 3.30 ന് ടെണ്ടർ തുറക്കുന്നതായിരിക്കും. ടെണ്ടർ അംഗീകരിക്കാനോ നിരസിക്കാനോ ഉള്ള പൂർണ്ണ അധികാരം സൂപ്രണ്ടിനായിരിക്കും. കൂടുതൽ വിവരങ്ങൾ ആശുപത്രി ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

സൂപ്രണ്ട്

Digitally signed by
V K V BALAKRISHNAN
Date: 16-10-2026
17:23:13

സ്വീകർത്താവ്:

1. വിവിധ സ്ഥാപനങ്ങൾക്ക്
2. സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4. പ്രിൻസിപ്പാൾ, ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ, പരിയാരം
5. നോട്ടിസ് ബോർഡ്, കോളേജ്/ആശുപത്രി

നമ്പർ: എസ് - 418/2026/എവിസിഎച്ച്

ഗവ: ആയുർവേദ കോളേജ് ആശുപത്രി
സൂപ്രണ്ടിന്റെ കാര്യാലയം,
കണ്ണൂർ, പരിയാരം
തീയ്യതി : 10-10-2026
ഫോൺ: 0497 2801688
ഇ - മെയിൽ: avchpariyaram@gmail.com

വിൻഡോ നോട്ടീസ്
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ടെണ്ടർ നമ്പർ - 4/2025-2026
സൂപ്രണ്ട്, ഗവ: ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ, പരിയാരം
ആശുപത്രിയിലെ ലാബിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ

ടെണ്ടർ ഫോറത്തിന്റെ വില	1700/- രൂപ + 18% ജിഎസ്ടി
നിരത ദ്രവ്യം (EMD)	1 %
ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന ആരംഭിക്കുന്നതും അവസാനിക്കുന്നതും ആയ തീയ്യതികൾ	16/11/2026 രാവിലെ 10 മണി മുതൽ 25/11/2026 വൈകുന്നേരം 3.00 മണി വരെ
പൂരിപ്പിച്ച ടെണ്ടർ ലഭിക്കുന്നതിനുള്ള അവസാന തീയ്യതി	27/11/2026 വൈകുന്നേരം 3 മണി വരെ
ടെണ്ടർ തുറക്കുന്ന ദിവസം	27/11/2026 വൈകുന്നേരം 3.30 മണി
മതിപ്പ് ചെലവ്	5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം)

സൂപ്രണ്ട്